(ബി) പ്രസ്തുത വിഭാഗങ്ങളിൽ കഴിഞ്ഞ സാമ്പത്തിക വർഷം രജിസ്റ്റർ ചെയ്ത പ്രമാണങ്ങളുടെ ജില്ല തിരിച്ചുള്ള എണ്ണവും ലഭിച്ച ഫീസും എത്രയെന്ന് അറിയിക്കുമോ;

(സി) വസ്തു കൈമാറ്റ രേഖകളുടെ രജിസ്ട്രേഷൻ ഫീസിനേക്കാൾ വളരെ ഉയർന്ന നിരക്ക് വാടകക്കരാറുകൾക്ക് ഈടാക്കുന്നതിനാൽ 11 മാസ കാലവധിയുള്ള രജിസ്റ്റർ ചെയ്യാത്ത കരാർ പ്രകാരമാണ് പല സ്ഥാപന ഉടമകളും വാടക കെട്ടിടങ്ങൾ കൈവശം വയ്ക്കുന്നത് എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വാടകക്കരാറുകളുടെ രജിസ്ട്രേഷൻ ഫീസ് കുറച്ച് രജിസ്റ്റർ ചെയ്യുന്ന പ്രമാണങ്ങളുടെ എണ്ണം കൂട്ടാനും സർക്കാരിന്റെ വരുമാനം ഉയർത്താനും നടപടി സ്വീകരിക്കുമോ;

(ഇ) ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

ഉത്തരം

(എ) വിശദവിവരങ്ങൾ അനുബന്ധമായി കൊടുത്തിട്ടുണ്ട് *

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) ഉണ്ട്.

(ഡി&ഇ) ഇക്കാര്യത്തിൽ നയപരമായ തീരുമാനം എടുക്കേണ്ടതുണ്ട്.

കോട്ടുക്കലിൽ സബ് രജിസ്ട്രാർ ഓഫീസ്

34 (1074) ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചടയമംഗലം നിയോജക മണ്ഡലത്തിലെ ഇട്ടിവാ പഞ്ചായത്തിലെ ജനങ്ങൾ രജിസ്ട്രേഷൻ കാര്യങ്ങൾക്കായി ചടയമംഗലം സബ് രജിസ്ട്രാർ ഓഫീസിനെ ആശ്രയിക്കേണ്ടിവരുന്നത് വളരെയേറെ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ടെന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിനായി ഇട്ടിവാ പഞ്ചായത്തിലെ കോട്ടുക്കലിൽ ഒരു സബ് രജിസ്ട്രാർ ഓഫീസ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കാരിന്റെ സാമ്പത്തിക ബുദ്ധിമുട്ടുമൂലം ഇപ്പോൾ അനുവദിക്കാൻ നിർവ്വാഹമില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly